## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.726 | 05/06/2018-ൽ മറുപടിക്ക്

### മുണ്ടക്കുളം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

| | ചോദ്യം<br>**ശ്രീ.ടി. വി. ഇബ്രാഹിം** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ മുണ്ടക്കുളത്ത് പുതുതായി അനുവദിച്ച കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ഇതുവരെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കെട്ടിട സൗകര്യം ലഭ്യമായിട്ടും പ്രവർത്തനം തുടങ്ങാതെ നീട്ടിക്കൊണ്ടു പോകുന്നത് മൂലം പ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിലുണ്ടോ; | (ബി) (സി) & (ഡി) | ബോർഡ് ചിലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. എന്നാൽ പ്രസ്തുത ഓഫീസിനായി മേൽ സൂചിപ്പിച്ചത് പ്രകാരം പൂർണ്ണമായും വാടക രഹിത കെട്ടിടം ലഭ്യമായിട്ടില്ല. വാടക രഹിത കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ മുണ്ടക്കുളം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത ഓഫീസ് പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | | |
| (ഡി) | ഈ കാരണങ്ങൾ പരിഹരിച്ച് എന്ന് ഇതിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ? | | |

സെക്ഷൻ ഓഫീസർ